## പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ:7773 15/07/2014 ൽ മറുപടിയ്ക്ക്

വനം വകുപ്പിലെ ജീവനക്കാർക്ക് സർവ്വീസ് സംഘടന രൂപീകരിക്കുന്നതിനുള്ള നടപടിക്രമം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.കെ.അജിത് | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി) |
| (എ) വനം വകുപ്പിൽ ജീവനക്കാരെ പ്രതിനിധീകരിക്കുന്ന എത്ര സംഘടനകളാണ് നിലവിലുള്ളതെന്നും ഇതിൽ ഏതൊക്കെ സംഘടനകൾക്കാണ് സർക്കാരിൽ നിന്നും അംഗീകാരം ലഭിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ; | (എ) ജീവനക്കാരെ പ്രതിനിധീകരിക്കുന്ന 6 സംഘടനകൾ വനം വകുപ്പിൽ നിലവിലുണ്ട്. പ്രസ്തുത സംഘടനകളുടെ പേര് ചുവടെ ചേർക്കുന്നു.<br>1. കേരളാ ഫോറസ്റ്റ് മിനിസ്റ്റീരിയൽ സ്റ്റാഫ് അസ്സോസിയേഷൻ<br>2. കേരളാ ഫോറസ്റ്റ് പ്രൊട്ടക്റ്റീവ് സ്റ്റാഫ് അസോസിയേഷൻ<br>3. കേരളാ ഫോറസ്റ്റ് സ്റ്റാഫ് അസോസിയേഷൻ<br>4. അസോസിയേഷൻ ഓഫ് ഗസറ്റഡ് ഫോറസ്റ്റ് ഓഫീസേഴ്സ്, കേരള<br>5. കേരളാ ഫോറസ്റ്റ് റെയിഞ്ചേഴ്സ് അസോസിയേഷൻ<br>6. കേരളാ ഫോറസ്റ്റ് ഡ്രൈവേഴ്സ് അസോസിയേഷൻ. ഈ അസോസിയേഷന് സർക്കാരിൽ നിന്നും അംഗീകാരം ലഭിച്ചിട്ടില്ല. |

(.........2)

| | |
|---|---|
| (ബി) വനം വകുപ്പിലെ ജീവനക്കാർക്ക് സർവ്വീസ് സംഘടന രൂപീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് നിഷ്കർഷിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) സർക്കാർ ജീവനക്കാർക്ക് സർവ്വീസ് സംഘടന രൂപീകരിക്കുന്നതിന് കേരള ഗവൺമെന്റ് സർവ്വന്റ്സ് കോണ്ടാക്ട് റൂളിലെ ചട്ടം 77 (എ) പ്രകാരമുള്ള വ്യവസ്ഥകൾ ബാധകമാണ്. |
| (സി) വനം വകുപ്പിൽ ഡെപ്യൂട്ടി റെയിഞ്ചർ തസ്തികയിലുള്ള ജീവനക്കാർ സർവ്വീസ് സംഘടന രൂപീകരിക്കുന്നതിന് വനം വകുപ്പ് മേധാവി വഴി നൽകിയ അപേക്ഷയിന്മേൽ നടപടിക്രമങ്ങൾ പൂർത്തിയാക്കി അംഗീകാരത്തിനായി ബന്ധപ്പെട്ട വകുപ്പിലേക്ക് അയച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ? | (സി) അപേക്ഷ വനം വകുപ്പ് മേധാവി ശുപാർശ ചെയ്ത് സർക്കാരിൽ സമർപ്പിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ